## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6647 12.07.2012 -ലെ മറുപടി

### ചേർത്തല കെ.എസ്.ആർ.ടി.സി ബസ്സ് ഡിപ്പോയിലെ ഷെഡ്യൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചേർത്തല കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയിൽ ഷെഡ്യൂളുകൾ പലതും ക്യാൻസൽ ചെയ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ ബസ്സുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ പരിഗണിക്കപ്പെടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ആവശ്യമായ ബസ്സുകൾ അടിയന്തിരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 99 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെ കുറവ് കാരണം പ്രതിദിനം ശരാശരി 88 ഷെഡ്യൂൾ വരെ മാത്രമെ ഓപ്പറേറ്റ് ചെയ്യാറുള്ളൂ. ബസ്സുകൾ അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ച് മൂന്ന് പുതിയ ബസ്സുകളും, പുനർ വിന്യാസം ചെയ്ത് നാല് പഴയ ബസ്സുകളും അനുവദിച്ചിട്ടുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല കെ.എസ്.ആർടി.സി. ഡിപ്പോയിലേയ്ക്ക് അനുവദിച്ചു നൽകിയ ബസ്സുകൾ എത്രയാണെന്ന് പറയാമോ; ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ പിൻവലിച്ചതും ഉപയോഗിക്കാൻ പറ്റാത്തതുമായ ബസ്സുകൾ എത്രയാണെന്ന് അറിയിക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല കെ.എസ്.ആർ.ടി.സി ഡിപ്പോയിലേയ്ക്ക് മൂന്ന് പുതിയ ബസ്സുകളും, പുനർ വിന്യാസം ചെയ്ത് നാല് പഴയ ബസ്സുകളും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റിൽ നിന്നും നാല് ഓർഡിനറി ബസ്സുകളും, നാല് മിനി ബസ്സുകളും സ്ക്രാപ്പ് ചെയ്യുന്നതിനായി പിൻവലിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ